നം.സിഇ/7035/2006/റ്റി.എ.3.

# കേരള സർക്കാർ

**പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം,**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–01.**

## <u>വിജ്ഞാപനം</u>

## <u>ബി.എഡ്. പ്രവേശനം–2006 – അന്തിമ അലോട്ട്മെന്റ് 16.11.2006 ന്</u>

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14.11.2006 ലെ ഉത്തരവനുസരിച്ച് സ്വാശ്രയ ബി.എഡ്. കോളേജുകളിലേയ്ക്കുള്ള അന്തിമ അലോട്ട്മെന്റ് **16.11.2006 വ്യാഴാഴ്ച രാവിലെ 9 മണിക്ക്** തിരുവനന്തപുരം, സർക്കാർ വിമൻസ് കോളേജിൽ വെച്ച് നടത്തുന്നതാണ്. 21.10.2006 ലെ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സ്വാശ്രയ കോളേജുകളിൽ ഒഴിഞ്ഞു കിടന്ന സീറ്റുകൾ ഏതെങ്കിലും ഓപ്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ള നേരിട്ടഹാജരാകുന്ന വിദ്യാർത്ഥികൾക്ക് റാങ്ക് അടിസ്ഥാനത്തിൽ അലോട്ട് ചെയ്യുന്നതായിരിക്കും. അതിനുശേഷം വരുന്ന ഒഴിവുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെയും അന്നേ ദിവസം ഹാജരാകുന്ന പക്ഷം പരിഗണിക്കുന്നതാണ്.

എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടാൻ താല്പര്യമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ സീറ്റ് അലോട്ട്മെന്റിൽ പങ്കെടുക്കാം. ഒഴിവുള്ളപക്ഷം ഓപ്ഷൻ നൽകിയിട്ടില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാരെയും പരിഗണിക്കുന്നതാണ്. തിരുവനന്തപുരം ട്രെയിനിംഗ് കോളേജിൽ, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, മാത്തമാറ്റിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ തമിഴ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഓരോ സീറ്റുവീതം ലഭ്യമാണ്. ഈ സംവരണം അനുവദിച്ചിട്ടുള്ള ഈ വിഭാഗക്കാർക്കും സീറ്റ് അലോട്ട്മെന്റിൽ പങ്കെടുക്കാം.

അലോട്ട്മെന്റ് സ്വീകരിക്കുന്ന എസ്.സി/എസ്.റ്റി./ഒ.ഇ വിഭാഗക്കാർ ഒഴികെയുള്ളവർ ഇതിനകം ഫീസ് അടച്ചിട്ടില്ലെങ്കിൽ അന്നേ ദിവസംതന്നെ ബാധകമായ ഫീസ് ഒടുക്കേണ്ടതാണ്.

ഇപ്പോൾ ലഭിച്ചിട്ടുള്ള അലോട്ട്മെന്റിൽ തൃപ്തരാവയർ ഈ അലോട്ട്മെന്റിൽ പങ്കെടുക്കേണ്ടതില്ല.

തിരുവനന്തപുരം, പ്രവേശനപരീക്ഷാ കമ്മീഷണർ
14.11.2006.